
# പുരസ്കാരങ്ങളുടെ പെരുമഴക്കാലം

കാരൂർ സോമൻ ചാരുംമൂട്
karoorsoman@yahoo.com

ജനപ്രിയ നോവലിസ്റ്റ് ചെമ്പിൽ ജോണിന് സാംസ്കാരിക വകുപ്പ് ഗുരുശ്രേഷ്ഠ പുരസ്കാരം ലഭിച്ചത് മാധ്യമങ്ങളിലൂടെ കണ്ടു. അദ്ദേഹത്തിന്റെ നോവലുകൾ ഒരമ്മ തന്റെ കുഞ്ഞിന്റെ നേർക്ക് ചൊരിയുന്ന ഒരു സാന്ത്വനം പോലെയാണ് വായിച്ചിട്ടുള്ളത്. സാഹിത്യ കൃതികളെന്നും ജീവിത യാഥാർത്ഥ്യത്തിന്റെ ഓരോ മുക്കിലും മൂലയിലും കടന്ന് ചെന്ന് അവിടെനിന്ന് സംഭരിക്കുന്ന സൗന്ദര്യപ്പൊലിമകളാണ്. ജനപ്രിയ സാഹിത്യകാരന്മാരായി കടന്നുവന്നിട്ടുള്ളവരാണ് ചെമ്പിൽ ജോൺ, മുട്ടത്ത് വർക്കി, കാനം ഈ. ജെ, ജോൺസൺ പുളികുന്ന് അങ്ങനെ പലരും. ഇവരെല്ലാം സാഹിത്യലോകത്ത്നിന്ന് മാത്രമല്ല സർക്കാരുകളിൽനിന്നും അവഗണന ഏറ്റുവാങ്ങിയിട്ടുള്ളവരാണ്. അതിന്റെ അവസാനത്തേ ഇരയാണ് ചെമ്പിൽ ജോൺ. ആരോഗ്യം ക്ഷയിച്ച് അവശതയിൽ കിടക്കുമ്പോഴാണ് സർക്കാരിന് ബോധോദയമുണ്ടായത്. ശ്രേഷ്ഠനേക്കാൾ ഒരു ഗുരുശ്രേഷ്ഠൻ ഇരിക്കട്ടെ. സാഹിത്യത്തിലെ പുതുമണവാളനല്ലാത്ത ചെമ്പിൽ ജോണിന് അവശതയിൽ കഴിയുമ്പോഴായിരുന്നോ പുരസ്കാരം കൊടുക്കേണ്ടത്? അവാർഡുകൾ പിടിച്ചു വാങ്ങാനുള്ളതല്ലെന്ന് എല്ലാവർക്കുമറിയാം. നീണ്ട നാളുകൾ മലയാളഭാഷയെ ഹൃദയത്തോടു ചേർത്ത് ജീവിക്കുന്ന ധാരാളം സർഗ്ഗധനരായ എഴുത്തുകാർ കേരളത്തിലും കേരളത്തിന് പുറത്തുമുണ്ട്. അവരുടെ സേവനങ്ങളെ മാനിച്ച് ആദരിക്കാൻ മലയാളത്തിലെ കുഞ്ഞക്ഷരങ്ങൾ കൂട്ടിവായിക്കാനറിയുന്നവർ ചെയ്യേണ്ട കാര്യമല്ലേ? കുഴിയിലേക്ക് കാലും നീട്ടിയിരിക്കുന്ന അവശതയിൽ കഴിയുന്നവർക്ക് കൊടുക്കുന്ന ഈ ആദരവ് നീണ്ട നാൾ ചെയ്ത സേവനത്തിന് കിട്ടിയ ഒരു ശിക്ഷയായിട്ടാണ് എനിക്ക് തോന്നുന്നത്. രക്ഷയുള്ളത് സ്വന്തം പാർട്ടിയിൽനിന്ന് കെട്ടിയിറക്കിയ എഴുത്തുകാരനോ അല്ലെങ്കിൽ അധികാരസ്ഥാനങ്ങളിൽ, മാധ്യമങ്ങളിൽ സ്വാധീനമുള്ളവർക്കോ ആയിരിക്കും. അവർക്കെല്ലാം പുരസ്കാരങ്ങളുടെ പെരുമഴക്കാലമാണ്. അതിനിടയിൽ ഒരു ചാറ്റൽമഴയായി പോലും പുരസ്കാരങ്ങൾ ചെമ്പിൽ ജോണിനെപ്പോലുള്ളവരിലെത്തില്ല.

എഴുത്തുകാരായിട്ടുള്ള പലരും രോഗത്തിലും, ദുഃഖത്തിലും കഴിയുന്നു



ചെമ്പിൽ ജോൺ

ണ്ട്. അവരെ തിരിഞ്ഞൊന്നു നോക്കാൻ ഭാഷയിൽ ഉന്നത പദവികൾ വഹിക്കുന്നവർക്കോ ഭാഷാ പണ്ഡിതർക്കോ സർക്കാരിനോ കഴിഞ്ഞിട്ടില്ല. കലയുടെ കാലിൻമേൽ കാൽ കയറ്റി അഹങ്കാരത്തോടെയിരിക്കുന്നവർ ഇത് നമ്മുടെ സാഹിത്യസംസ്കാരത്തിന് ചേർന്നതാണോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. പാർലമെന്റിലുള്ള ഒരു ജനപ്രതിനിധിയ്ക്ക് അഞ്ച് വർഷമിരുന്നാൽ പെൻഷനും മറ്റ് എല്ലാ ആനുകൂല്യങ്ങളും ലഭിക്കാറുണ്ട്. ആ കൂട്ടത്തിൽ ഒരല്പം കള്ളത്തരമുണ്ടെങ്കിൽ ആവശ്യത്തിന് കൈക്കൂലിയോ അഴിമതിയോ നടത്തി, സന്തോഷകരായ പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്താം. ജീവിതത്തെ സത്യസന്ധമായി സമീപിക്കുന്ന എഴുത്തുകാർക്ക് മനസ്സിലെ എല്ലാ നന്മകളും ചവുട്ടി താഴ്ത്തികളയാൻ പറ്റില്ല. സ്വന്തം സൃഷ്ടിയിലൂടെ കുറേ ആരാധകരേയുണ്ടായെങ്കിലും ദുഃഖവേളകളിൽ, രോഗങ്ങളിൽ തണലാകാൻ ആരുണ്ട്? അവരുടെ കൃതികളെപ്പറ്റിയെഴുതാൻ വാഴ്ത്തിപ്പാടാൻ ആരെങ്കിലുമുണ്ടോ? സാഹിത്യകൃതികളെ വലിച്ചിഴച്ച് അവാർഡുകളാക്കി വാണിജ്യവൽക്കരണമാണ് ഒരു കൂട്ടർ ചെയ്യുന്നത്. മറ്റൊരു കൂട്ടർ സാഹിത്യ സ്ഥാപനങ്ങളിൽ സ്വന്തം പാളയത്തിൽ നിന്നുള്ളവരെ സാഹിത്യകാരന്മാരാക്കി സ്വജനപക്ഷപാദവും സ്വാർത്ഥതാല്പര്യങ്ങളും നടത്തി സർഗ്ഗധനരായ എഴുത്തുകാരെ അകറ്റി നിർത്തുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇന്നും അവശതയനുഭിക്കുന്ന എഴുത്തുകാരെ സുരക്ഷിതരാക്കാനുള്ള ഒരു നടപടിയും കാണുന്നില്ല. സഹജീവികളെ തിരിഞ്ഞു നോക്കാത്ത ഒരു പറ്റം മനുഷ്യർ. മുൻകാലങ്ങളിൽ പുരസ്കാരങ്ങളെക്കാൾ സാഹിത്യ സംഭാവനകളാണ് കവികൾ, സാഹിത്യകാരന്മാർ നല്കിയിട്ടുള്ളത്. സാഹിത്യമെന്നും ആസ്വാദകരിലുണ്ടാക്കുന്നത് ജീവനും കുളിർകാറ്റുമാണ്. മനുഷ്യനെ അനശ്വരതയുടെ അനന്തതയിലേക്ക് കൊണ്ടുപോകാൻ കഴിവുള്ളവരാണവർ. ജനപ്രിയ സാഹിത്യകൃതികളെ പലപ്പോഴും സാഹിത്യരംഗത്തുള്ള ചിലർ തെറ്റായി ചിത്രീകരിക്കാറുണ്ട്. ചില മാധ്യമ മുതലാളിമാരും പ്രസാദകരും അത്യാധുനിക് എന്നൊക്കെ വീമ്പിളക്കി ജനപ്രിയ കൃതികളെ ഇകഴ്ത്തിയും മറ്റുള്ളവരുടെ വ്യക്തിത്വം തികച്ചും വ്യത്യസ്തമാക്കാൻ ശ്രമിക്കുന്നതിന്റെ പ്രധാന കാരണം ഭൗതിക നേട്ടങ്ങൾ മാത്രമാണ്. അതുമൂലം എന്തെങ്കിലും മാറ്റങ്ങൾ ഇന്നുവരെ സാഹിത്യത്തിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. സാഹിത്യകൃതികളെ വിശകലനം ചെയ്യുമ്പോൾ സാഹിത്യ സൃഷ്ടിക്ക് ഓരോരോ തലങ്ങളുണ്ട്. അത് ആശയം, അർത്ഥം, പ്രതിഭ, സൗന്ദര്യം, അറിവ്, ഭാവന, അനുഭവം അങ്ങനെ തുടരുന്നതാണ്. മനുഷ്യന് മനസ്സിലാകുന്ന ഭാഷ എഴുതിയതുകൊണ്ടാണ് മുട്ടത്ത് വർക്കിക്കും ചെമ്പിൽ ജോണുമൊക്കെ ജനപ്രിയ എഴുത്തുകാരായത്. ഇന്ന് മാധ്യമങ്ങളിലും മറ്റും സ്വാധീനമുള്ളവരുടെ പല കൃതികളും ജനപ്രിയമാക്കുന്നുണ്ട്. ഒരാൾ വായിക്കുന്ന കൃതി മറ്റൊരാൾക്ക് ഇഷ്ടപ്പെടണമെന്നില്ല. അങ്ങനെയായാൽ പുരസ്കാരങ്ങൾ എങ്ങനെ കൊടുക്കും? ഇതിനൊന്നും സാധ്യതയില്ലാത്തവരുടെ കാവ്യസമാഹാരങ്ങൾ അലമാരയിൽ അടുക്കിവെക്കുകയാണ് പതിവ്. ചെമ്പിൽ ജോണിന്റെ കാവ്യസ്പർശം സമൂഹത്തിലെങ്ങോ ഒളിഞ്ഞും കണ്ടതുകൊണ്ടാണെന്ന് ആരോ പറഞ്ഞറിഞ്ഞ് സാംസ്കാരിക വകുപ്പ് ഗുരുശ്രേഷ്ടാ പുരസ്കാരം കയറ്റി വണ്ടി വിട്ടത്. മാധ്യമങ്ങൾ പാടിപുകഴ്ത്തിയ എഴുത്തുകാരനായിരുന്നെങ്കിൽ മന്ത്രി തന്നെ സ്വന്തം വണ്ടിയിൽ ചെമ്പിൽ ജോണിന്റെ വീട്ടിലെത്തുമായിരുന്നു. അങ്ങനെ എത്തിയ ചരിത്രമുണ്ട്. ഇന്ന് സാഹിത്യരംഗത്ത് അരക്ഷിതത്വബോധം വളരുന്നതിന്റെ ധാരാളം കാഴ്ചകളുണ്ട്. അർഹതയുള്ള എഴുത്തുകാർക്ക് ആശ്വാസവും ആദരവും നല്കേണ്ടവരാണ് സർക്കാരുകളും സാഹിത്യസ്ഥാപനങ്ങളുടെ ഉന്നത പദവിയിരിക്കുന്നവരും ചെയ്യേണ്ടത്. സാഹിത്യം ഒരവാർഡിൽ തൂക്കിവില്ക്കാനുള്ളതല്ല. എന്നാൽ പുറമെ ആദർശവാദവും അകമെ ആശീർവാദവുമായാൽ സൃഷ്ടിപരായ നിലപാടുകളിലെ നിഗൂഢതകൾ ചോദ്യം ചെയ്യപ്പെടുക സ്വാഭാവികമാണ്.

## അഡ്വ. ഷാം കുരുവിള പത്തനംതിട്ട ഡിസിസി ജനറൽ സെക്രട്ടറി

**രാജൻ ആര്യപ്പള്ളിൽ**

കുമ്പനാട്: നെല്ലിമല ചെള്ളേത്ത് ജോയി വില്ലയിൽ പരേതരായ വി.റ്റി. കുരുവിളയുടെയും (ചീഫ് എൻജിനീയർ) ജോയിമ്മ കുരുവിള ആര്യപ്പള്ളിയുടെയും (റിട്ട. ഹെഡ്മിസ്ട്രസ്) മകൻ അഡ്വ. ഷാം കുരുവിള പത്തനംതിട്ട ഡിസിസി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവ പ്രവർത്തകനാണ്. കേരളാ സ്റ്റുഡന്റ്സ് യൂണിയൻ (കെ.എസ്.യു) വിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച അഡ്വ. ഷാം കുരുവിള തിരുവല്ല മാർത്തോമ്മാ കോളജ് കെ.എസ്.യു യൂണിറ്റ് പ്രസിഡണ്ട്, കോളജ് യൂണിയൻ ജനറൽ സെക്രട്ടറി, കെ.എസ്.യു, യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി അംഗം, പതിനാല് വർഷം കോയിപ്രം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറി, പത്ത് വർഷം ആറന്മുള ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. കൂടാതെ 2002 മുതൽ 2007 വരെ പത്തനംതിട്ട അഡീഷണൽ ജില്ലാ കോടതിയിൽ ഗവൺമെന്റ് പ്ലീഡർ ആൻഡ് പബ്ലിക് പ്രോസിക്യൂട്ടർ ആയിരുന്നു. നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത (പി.സി.എൻ.എ.കെ) മുൻ സെക്രട്ടറിയായിരുന്ന ഡോൺ കുരുവിള (ചിക്കാഗോ), ന്യൂൺ കുരുവിള (അബുദാബി) എന്നിവർ സഹോദരങ്ങളാണ്.



K.O. JOSE & ASSOCIATES, INC.
Certified Public Accountants






K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: (847) 724-3020, Cell: (847) 833-6038

CPA America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

Achieve Real Estate Group, Inc.

Achieve all your real estate needs with us
"Satisfied customers are our primary Goal"

Achieve Brokers

ALEXANDER MATHEW
8476500110
alexmathewchicago@gmail.com

Mohan Sebastian
8473311123
realtormohan@yahoo.com

ARKADIUSZ JAMULA
7736715555
aj.jamula@gmail.com

Pramod Zacharias
630 464 4464
tax@greatwaysinc.com

BENNY JOSEPH (PUTHUKULAM)
847 612 4319
bennyrealtor@comcast.net

Randy Samuel (Leasing Agent)
847-767-2230
randysamrealtor@gmail.com

Biju Jacob
8478405532
bijubjacob@gmail.com

Renchi Varghese
8478457361
renchirealtor@yahoo.com

Daniel (Babu) Vadasseril
1-847-224-0945
baburealtor123@gmail.com

Roy John
7088332769
royjohnreb@yahoo.com

Eby George
17736713911
Ebychengannur@yahoo.com

Sabu Achettu (Managing Broker)
8476875100
saburealtor@sbcglobal.net

George (Babu) Mathew
847-602-9326
georgelrealtor@gmail.com

Sabu Philip Madathiparambil
8472767354
sabuaphilip@hotmail.com

George Panicker
Cell 847 401 7771
realtorpanicker@gmail.co

Snehal Patel
Cell 847 942 2393
realtorsnehal@gmail.com

James P Kannookadan
8479107866
jimkannoox@hotmail.com

Soy Mathew
8477691805
soymathew@sbcglobal.net

Luka Chirayil
6302901524
lchirayil22@yahoo.com

Thomas (Karikulam) Kuruvilla
847 219 6050
thomasrealtor557@gmail.com

"For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group"

519 Zenith Dr., Suite. B, Glenview, IL 60025
Real Estate for diversified Investors and Promise for future generations.